**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3947** **15-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ഹോംകോ -യിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ഹോംകോ-യിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ആലപ്പുഴ വലിയ കലവൂരിൽ ഹോംകോയുടെ പുതിയ ഫാക്ടറികെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ 2018 ജനുവരിയിൽ ആരംഭിച്ചു. കൂടാതെ പാതിരപ്പള്ളിയിലുള്ള നിലവിലെ ഫാക്ടറിയിൽ ഗുഡ് മാനുഫാക്ച്ചറിംഗ് പ്രാക്ടീസ് അനുസരിച്ച് കേന്ദ്രീകൃതശീതീകരണ സംവിധാനമുൾപ്പെടെ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2017-18-ൽ ആരംഭിച്ച പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡ് ലോക്ഡൗൺ സാഹചര്യംമൂലം നിർമ്മാണ പ്രവർത്തികൾക്ക് കാലതാമസം ഉണ്ടായിട്ടുണ്ട്. നിർമ്മാണപ്രവർത്തികൾ ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണ പ്രവൃത്തികൾക്ക് എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പുതിയ ഫാക്ടറി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 52.88 കോടിയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്. നിലവിലെ ഫാക്ടറിയിലെ പുനരുദ്ധാരണ പ്രവർത്തികൾക്ക് 5.96 കോടി രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്. |
| (ഡി) | നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ